**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോളേജ് അധ്യാപകരുടെ നിയമന പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോളേജ്/യൂണിവേഴ്സിറ്റി അധ്യാപകരുടെ നിയമന പ്രായപരിധി 50 വയസ്സ് ആയി ഉയർത്തിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകളിലും വിവിധ സർവകലാശാലകളിലും അസിസ്റ്റന്റ് പ്രൊഫസ്സർ നിയമനത്തിനുള്ള ഉയർന്ന പ്രായ പരിധി 50 വയസ്സ് ആയി നിശ്ചയിച്ച് 11.04.2023 തീയതിയിലെ സ.ഉ(പി) നം.4/2023/ ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ട്. |
| (ബി) | സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിനുള്ള പ്രായപരിധി പരമാവധി നാല്പത് വയസ്സായി നിശ്ചയിച്ചിരിക്കുമ്പോൾ യൂണിവേഴ്സിറ്റിയിലെയും കോളേജുകളിലെയും അസിസ്റ്റന്റ് പ്രൊഫസർമാരുടെ മാത്രം നിയമന പ്രായപരിധി വർദ്ധിപ്പിക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | യു.ജി.സി. റെഗുലേഷനുകളിൽ നിയമനത്തിന് ഉയർന്ന പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല എന്നതും പി.എച്ച്.ഡി അടക്കമുള്ള ഉയർന്ന യോഗ്യതകൾ നേടി വരുന്ന ഉദ്യോഗാർത്ഥികൾ പലപ്പോഴും നാല്പത് വയസ് കടന്നിട്ടുണ്ടാകും എന്നത് പരിഗണിച്ചാണ് ടി ഉത്തരവ് പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ